**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1720** **16-10-2026-ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിനായി നിലവിലുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ തൊഴിലാളികളിലും എത്തിക്കുന്നതിനും തൊഴിലാളികളുടെ രജിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** കേരളത്തിലെ അസംഘടിത തൊഴിലാളി സമൂഹത്തിൻറെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനും തൊഴിലാളികളുടെ അവകാശങ്ങളും ആവശ്യങ്ങളും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ നിന്നും വിവാഹ ധനസഹായമായി 10,000/- രൂപ, പ്രസവാനുകൂല്യമായി 15,000/- രൂപ, മരണാനന്തര ആനുകൂല്യമായി 11,000/- രൂപ, 60 വയസ്സ് പൂർത്തീകരിക്കുന്നവർക്ക് പെൻഷനായി പ്രതിമാസം 2000/- രൂപ അവശത പെൻഷൻ 1600/- രൂപ, വിദ്യാഭ്യാസ ആനുകൂല്യമായി 1000/- രൂപ മുതൽ 3000/- രൂപ വരെ എന്നിങ്ങനെ അനുവദിച്ചുവരുന്നു. രജിസ്ട്രേഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ മുഖേനെ രജിസ്ട്രേഷൻ നടത്തുന്നതിനും അംശാദായം ഒടുക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തുകൾ തോറും നടത്തിവരുന്ന ക്യാമ്പുകളിലൂടെ കൂടുതൽ അംഗങ്ങളെ ചേർക്കാനും അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം പുതുക്കി നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്ന ബോർഡിൻറെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നയത്തിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് മാത്രമായി തനത് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**